**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആകസ്മിക പരിശോധന - ചങ്ങനാശ്ശേരി നഗരസഭയിലെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===============================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2021/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 29.06.2016.

===============================================================

**പരാമർശം :** 1) വിജിലൻസ് ഡയറക്ടറുടെ 10.11.2012 ലെ E5- SC4/12/ERK/ 1727/12 നമ്പർ കത്ത്.
2) 09.01.2014 ലെ 18121/ഇയു2/13/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) കോട്ടയം നഗരസഭാ സെക്രട്ടറിയുടെ പി.എ. ആയിരുന്ന ശ്രീമതി. കെ.ജി. വനജകുമാരിയുടെ 04.04.2014 ലെ മറുപടി.
4) ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി എൽ.ഡി. ക്ലാർക്ക് ശ്രീ. എസ്. സുനിൽ കുമാറിന്റെ 07.03 2014-ലെ മറുപടി.
5) നഗരകാര്യ ഡയറക്ടറുടെ 05.08.2015, 01.02.2016 തീയതികളിലെ വി1-2938/14/DUA നമ്പർ കത്തുകൾ.

**ഉത്തരവ്**

ചങ്ങനാശ്ശേരി നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആകസ്മിക പരിശോധന നടത്തി സമർപ്പിച്ച പരാമർശം 1 പ്രകാരമുള്ള റിപ്പോർട്ടിൽ കെട്ടിടാനുമതിയ്ക്കായി 16.11.2006-ൽ ശ്രീ. മാത്തുക്കുട്ടി നൽകിയ അപേക്ഷയിന്മേൽ കാലതാമസം വരുത്തിയതിന് ഉത്തരവാദികളായി കണ്ടെത്തിയ സെക്ഷൻ ക്ലാർക്കായ ശ്രീ. എസ്. സുനിൽ കുമാർ, സൂപ്രണ്ടായിരുന്ന ശ്രീമതി. കെ.ജി. വനജകുമാരി എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി. ആയതിന് ശ്രീമതി. കെ.ജി. വനജകുമാരിയും ശ്രീ. എസ്.സുനിൽ കുമാറും പരാമർശം (3), (4) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിലെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ശ്രീമതി. കെ.ജി. വനജകുമാരി</u>**

ആരോപണ വിധേയമായ തപാൽ കൈപ്പറ്റിയ ക്ലാർക്ക് എസ്. സുനിൽ കുമാർ അപേക്ഷകന്റെ (ശ്രീ.ജെ. മാത്തുക്കുട്ടി) കെട്ടിടാനുമതിക്കു നൽകിയ ഫയലിൽ ലിങ്ക് ചെയ്ത് നഗരസഭാ ടി.പി.ഒ/മുനിസിപ്പൽ എഞ്ചിനീയർ മുഖാന്തിരം ബഹു. സെക്രട്ടറിക്ക് അയയ്ക്കേണ്ടതായിരുന്നു. ആയതു ചെയ്യാതെയും മേലുദ്യോഗസ്ഥർ അറിയാതെയും പ്രസ്തുത തപാലിന്മേൽ നടപടിയെടുക്കാതെ മേലുദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്താതെയിരുന്ന സെക്ഷൻ ക്ലാർക്കാണ് ഈ വിഷയത്തിൽ ഗുരുതരമായ കൃത്യവിലോപം കാണിച്ചിരിക്കുന്നതെന്നും ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ ക്ലാർക്ക് നേരിട്ട് ബിൽഡിംഗ് ഇൻസ്പെക്ടർക്ക് അയയ്ക്കുകയും ബിൽഡിംഗ് ഇൻസ്പെക്ടർ സൈറ്റ് പരിശോധന നടത്തി റിപ്പോർട്ട് സഹിതം ടൗൺ പ്ലാനിംഗ് ഓഫീസർക്ക് അയച്ച് തുടർ നടപടികൾക്ക്

മുനിസിപ്പൽ എഞ്ചിനീയർ മുഖേനയാണ് മുനിപ്പൽ സെക്രട്ടറിയ്ക്ക് അയയ്ക്കുന്നത്. സാങ്കേതിക കാര്യങ്ങളായതിനാൽ മിനിസ്റ്റീരിയൽ സ്റ്റാഫായ ടിയാൾക്ക് (സൂപ്രണ്ടിന്) ഇക്കാര്യത്തിൽ യാതൊന്നിനും അധികാരമില്ലാതിരുന്നുവെന്നും ടി നടപടികൾക്ക് എഞ്ചിനീയറിംഗ് സൂപ്രണ്ടായിരുന്ന ടിയാൾക്ക് യാതൊരു വിധമായ ഉത്തരവാദിത്വങ്ങളും സെക്രട്ടറി ഡെലിഗേഷൻ പ്രകാരം നൽകിയിട്ടില്ലാത്തതിനാലും ചെയ്യാത്ത കുറ്റത്തിന് ടിയാളുടെ പേരിൽ ചുമത്തിയിരിക്കുന്ന ആരോപണങ്ങളിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ചു.

**<u>ശ്രീ. എസ്.സുനിൽ കുമാർ</u>**

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി മുമ്പാകെ ശ്രീ. മാത്തുക്കുട്ടി കെട്ടിട നിർമ്മാണ പെർമിറ്റിനു വേണ്ടി പ്ലാൻ സമർപ്പിച്ച സമയത്തും മാസ്റ്റർ പ്ലാനിൽ വയലായി രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയിലുള്ള നിർമ്മാണത്തിന് ഇളവ് അനുവദിക്കേണ്ട എന്ന ഹൈക്കോടതി ഉത്തരവ് ഉണ്ടായിരുന്നുവെന്നും ശ്രീ. മാത്തുക്കുട്ടി കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ചിരുന്ന ഭൂമി മാസ്റ്റർ പ്ലാനിൽ വയലായി രേഖപ്പെടുത്തിയിരുന്നുവെങ്കിലും ടി വിവരം അറിയാതെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ടിയാന്റെ പക്കൽ നിന്നും പ്ലാൻ സ്വീകരിക്കുകയും എന്നാൽ മുനിസിപ്പൽ കമ്മിറ്റി പ്ലാൻ നിരസിക്കുകയും ചെയ്തിരുന്നു. നഗരാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിക്കുകയും വീണ്ടും നിരസിക്കുകയും ചെയ്തിരുന്നുവെന്നും, പെർമിറ്റ് നിരസിച്ച വിവരം ശ്രീ. മാത്തുക്കുട്ടി ഫോണിൽ ബന്ധപ്പെട്ടപ്പോൾ ടിയാനെ അറിയിക്കുകയും, പ്ലാൻ നിരസിച്ച ഉത്തരവിന്റെ പകർപ്പ് ടിയാന് ലഭ്യമാക്കുകയും ചെയതിരുന്നു. എന്നാൽ എം.സി. റോഡ് വീതികൂട്ടുന്നതുമായി ബന്ധപ്പെട്ട വിഷയം വന്നപ്പോൾ മേൽ വിഷയം ടിയാൻ വീണ്ടും മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിച്ചുവെന്നും ശ്രീ. സുനിൽ കുമാർ അറിയിച്ചിരിക്കുന്നു. മാത്രവുമല്ല കെട്ടിട നിർമ്മാണ പെർമിറ്റിന് അനുമതി നൽകുന്ന ഉദ്യോഗസ്ഥർ Building Inspector, Town Planning Officer, Municipal Engineer, Municipal Secretary എന്നിവരാണെന്നും, അനുമതി ലഭിച്ചത് എഴുതി നൽകുക എന്നത് മാത്രമാണ് തന്റെ ജോലിയെന്നും ആയതിനാൽ തന്റെ ഭാഗത്തു നിന്നും തെറ്റൊന്നും സംഭവിച്ചിട്ടില്ലാത്തതിനാൽ തന്റെ പേരിൽ ആരോപിച്ചിരിക്കുന്ന കുറ്റങ്ങൾക്ക് മാപ്പ് നൽകണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.

എതിർവാദ പത്രികയിലെ വാദങ്ങളിന്മേൽ നഗരകാര്യ ഡയറക്ടർ പരാമർശം (5) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം വ്യക്തമാക്കി.

ശ്രീ. മാത്തുക്കുട്ടി സമർപ്പിച്ച കെട്ടിട നിർമ്മാണ അനുമതിയ്ക്കായുള്ള അപേക്ഷ ജില്ലാ ടൗൺ പ്ലാനർക്ക് അയയ്ക്കുകയും ആയത് നിരസിച്ചുകൊണ്ട് ടൗൺ പ്ലാനിംഗ് ഓഫീസിൽ നിന്നും നഗരസഭാ കാര്യാലയത്തിൽ ലഭിച്ച കത്ത് ബന്ധപ്പെട്ട ഫയലിൽ ചേർത്ത് സൂക്ഷിച്ചിട്ടില്ലാത്തതും, എന്നാൽ ടൗൺ പ്ലാനിംഗ് ഓഫീസിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി നിഷേധിച്ചു കൊണ്ട് കത്ത് ലഭ്യമായിട്ടുള്ളതായ വിവരം ശ്രീ. മാത്തുക്കുട്ടിയെ ഫോൺ മുഖാന്തിരം

അറിയിച്ചിട്ടുള്ളതായും പ്രസ്തുത കത്തിന്റെ പകർപ്പ് ടിയാന് നൽകിയിട്ടുള്ളതായും കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. സുനിൽ കുമാർ സമർപ്പിച്ച മറുപടി പ്രകാരം അറിയിച്ചിട്ടുള്ളതായും എന്നാൽ ആയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ലെന്നും വിജിലൻസ് അന്വേഷണത്തെ തുടർന്ന് ശ്രീ. എസ്. സുനിൽ കുമാറിനെ സെക്ഷൻ മാറ്റുകയും ടിയാന്റെ മറുപടിയിൽ പരാമർശിച്ചിരിക്കും പ്രകാരം ടിയാൻ കാഴ്ച വൈകല്യമുള്ള ആളാണെന്നുള്ള വിവരം ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിലും ടിയാന്റെ പേരിലുള്ള ആദ്യപരാതി എന്നത് കണക്കിലെടുത്തും ശ്രീ. എസ്. സുനിൽകുമാർ സമർപ്പിച്ച മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് ചങ്ങനാശ്ശേരി നഗരസഭാ സെക്രട്ടറി അറിയിച്ചിരിക്കുന്നതായും നഗരകാര്യ ഡയറക്ടർ

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കുറ്റാരോപണ മെമ്മോയിൽ സൂചിപ്പിച്ചിരിക്കും പ്രകാരമുള്ള വീഴ്ചകൾക്ക് ടിയാന്റെ ഭാഗത്തു നിന്നും ലഭ്യമായ മറുപടി തൃപ്തികരമായി കാണുന്നില്ല എന്നും, ഫയലുകൾ കൈകാര്യം ചെയ്യുന്നതിലും യഥാസമയം ബന്ധപ്പെട്ടവർക്ക് രേഖാമൂലം അറിയിപ്പ് നൽകാത്തതും ടിയാന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണുന്നു എന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി നഗരസഭയിലെ മുൻ സൂപ്രണ്ട് ആയിരുന്ന ശ്രീമതി. കെ.ജി. വനജകുമാരി കുറ്റാരോപണ മെമ്മോയ്ക്ക് സമർപ്പിച്ച മറുപടിയിന്മേലുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ടിയാരിക്ക് നഗരസഭയുടെ ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെ ചുമതല ഉണ്ടായിരുന്നില്ല എന്നും, ഡെലിഗേഷൻ ഉത്തരവ് പ്രകാരം മുനിസിപ്പൽ എഞ്ചിനീയർക്കായിരുന്നു ടൗൺ പ്ലാനിംഗ് വിഭാഗം ഫയലുകളുടെ മേൽനോട്ട ചുമതല നൽകിയിരുന്നത്, എന്നിരുന്നാലും മിനിസ്റ്റീരിയർ ലാപ്സ് ഉണ്ടാകാതെ ശ്രദ്ധിക്കേണ്ട ഉത്തരവാദിത്വം ടിയാരിക്ക് ഉണ്ടായിരുന്നുവെന്നും ടിയാൾ 31.03.2015-ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചിരിക്കുന്നു.

നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. ചങ്ങനാശ്ശേരി നഗരസഭയിൽ എൽ.ഡി.ക്ലാർക്കായിരുന്ന ശ്രീ. എസ്. സുനിൽ കുമാർ ഫയൽ കൈകാര്യം ചെയ്യുന്നതിലും യഥാസമയം ബന്ധപ്പെട്ടവർക്ക് അറിയിപ്പ് രേഖാമൂലം നൽകാത്തതും ടിയാന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കണക്കാക്കി ടിയാനെതിരെ സ്വീകരിച്ചു വന്ന നടപടി, ടിയാന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ മേലിൽ ആവർത്തിക്കരുത് എന്ന താക്കീത് നൽകിയും ചങ്ങനാശ്ശേരി നഗരസഭയിൽ സൂപ്രണ്ടായിരുന്ന ശ്രീമതി. കെ.ജി. വനജകുമാരി 31.03.2015 ൽ സർവ്വീസിൽ നിന്നും വിരമിച്ചു എന്നത് പരിഗണിച്ച്, ടിയാരിക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടികൾ അവസാനിപ്പിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)**
**രത്നമ്മ.വി,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ശ്രീമതി. കെ.ജി. വനജ കുമാരി, വൃന്ദാവൻ (H), വടവാതൂർ പി.ഒ.,
കോട്ടയം-686 010.
ശ്രീ.എസ്. സുനിൽ കുമാർ, എൽ.ഡി. ക്ലാർക്ക്, ചങ്ങനാശ്ശേരി നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിജിലൻസ് വകുപ്പ് (24.03.2016 ലെ 3591/ബി1/16/വിജി പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**